Malappuram District Police

## 22/01/2018 അരീക്കോട്

നാലു കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി നാടുകാണി നെല്ലിയാളയം രാജേന്ദ്രനെ (35) പ്രത്യേക അന്വേഷണ സംഘം പിടികൂടി. മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി ഭാഗങ്ങളിൽ വിതരണത്തിനായി കൊണ്ടുവന്ന കഞ്ചാവാണ് പിടിച്ചെടുത്തതെന്നു പൊലീസ് പറഞ്ഞു. ജില്ലയിലെ ചില്ലറ വിൽപനക്കാർക്കായി കൊണ്ടുവന്നതാണന്ന് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. ഇവർ നീരീക്ഷണത്തിലാണ്. എട്ടു വർഷമായി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വാടകയ്ക്കു താമസിച്ച് റബർ ടാപിങ് ജോലി ചെയ്തുവരുന്നതിന്റെ മറവിലാണ് കഞ്ചാവ് കച്ചവടം നടത്തിയിരുന്നത്.

ഇയാൾക്ക് തമിഴ്നാട്ടിൽനിന്നു കഞ്ചാവ് എത്തിച്ച് നൽകുന്ന സംഘത്തെക്കുറിച്ചും വ്യക്തമായ സൂചന പൊലീസിന് ലഭിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ഏജന്റിൽനിന്നു കിലോക്ക് 15,000 രൂപയ്ക്ക് എടുക്കുന്ന കഞ്ചാവ് 25,000 രൂപയ്ക്കാണ് ചെറുകിട കച്ചവടക്കാർക്ക് നൽകിയിരുന്നത്. പൂവത്തിക്കലിൽനിന്നു രണ്ടു കിലോ കഞ്ചാവുമായി പിടികൂടിയ നുഫൈലിൽനിന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ രാജേന്ദ്രനെ നിരീക്ഷിച്ചുവരികയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.